# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - കോഴിക്കോട് വികസന അതോറിറ്റി ചെയർമാന് ഔദ്യോഗിക വാഹനം വാങ്ങിയ നടപടി അംഗീകരിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്

**സ.ഉ.(സാധാ)നം.3178/2014/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം,03/12/2014.**

---

പരാമർശം:- 1) കോഴിക്കോട് വികസന അതോറിറ്റി ചെയർമാന്റെ 20/06/2014 ലെ 234/ഇ/2014/സിഡിഎ നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.
2) കോഴിക്കോട് വികസന അതോറിറ്റി സെക്രട്ടറിയുടെ 28/10/2014,14/11/2014 തീയതികളിലെ ഇതേ നമ്പർ കത്തുകളും;

## ഉത്തരവ്

കോഴിക്കോട് വികസന അതോറിറ്റി ചെയർമാന് ഔദ്യോഗിക വാഹനമായി ഇന്നോവ കാർ (ബേസ് മോഡൽ) ഡി.ജി.എസ്.& ടി നിരക്കിൽ വാങ്ങിയതിന് 13,03,376/- (പതിമൂന്നുലക്ഷത്തി മൂവായിരത്തി മുന്നൂറ്റി എഴുപത്തി ആറ് രൂപ മാത്രം) (റോഡ് ടാക്സ്, ഇൻഷുറൻസ് എന്നിവ ഉൾപ്പെടെ) ചെലവു വന്നിട്ടുണ്ടെന്നും, അതോറിറ്റിയിൽ നിലവിലുണ്ടായിരുന്ന വാഹനം കണ്ടം ചെയ്തതിനു പകരമാണ് ടി വാഹനം അതോറിറ്റിയുടെ തനത് ഫണ്ട് ഉപയോഗിച്ച് വാങ്ങിയിട്ടുള്ളതെന്നും ആയതിനാൽ ടി വാഹനം വാങ്ങിയ നടപടി അംഗീകരിച്ച് ഉത്തരവ് നൽകണമെന്നും പരാമർശ കത്തുകൾ പ്രകാരം കോഴിക്കോട് വികസന അതോറിറ്റി ചെയർമാനും, സെക്രട്ടറിയും അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് വികസന അതോറിറ്റി ചെയർമാന് ഔദ്യോഗികാവശ്യത്തിനായി തനതുഫണ്ടായ 13,03,376/-(പതിമൂന്നുലക്ഷത്തി മൂവായിരത്തി മുന്നൂറ്റി എഴുപത്തി ആറ് രൂപ മാത്രം) ഉപയോഗിച്ച് ഇന്നോവ കാർ (ബേസ് മോഡൽ) വാങ്ങിയ നടപടി അംഗീകരിച്ച് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**എൻ.വിശ്രുതൻ ആചാരി**
**ഗവ.അണ്ടർ സെക്രട്ടറി**

ചെയർമാൻ/ സെക്രട്ടറി, കോഴിക്കോട് വികസന അതോറിറ്റി.
ജില്ലാ കളക്ടർ, കോഴിക്കോട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്)കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള. തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് തിരുവനന്തപുരം.
ഡയറക്ടർ,ഐ.കെ.എം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ